# മാനവികതയും എക്യുമെനിസവും സമകാലീനവെല്ലുവിളി

പ്രൊഫ. നൈനാൻ കോശി

www.malankaralibrary.com

# മാനവികതയും എക്യുമെനിസവും
# സമകാലീന വെല്ലുവിളി

പ്രൊഫ. നൈനാൻ കോശി

ഡോ.വി.സി.ശമുവേൽ മാനവിക വിചാര കേന്ദ്രം
കോന്നി - 689 691

www.malankaralibrary.com

(Malayalam)
**Manavikathayum Ekumenisavum Samakaleena Velluvili**
**V.C.Samuvel Achante Darsanthilude**
(Commemorative Lecture)
by **Prof. Ninan Koshy**
VCSEF Series II
2003
Published : Rev.Dr.V.C Samuel Ecumenical Forum, Konni,
Ph. 0468 2343113, e.mail. pta_vcsinc@sancharnet.in
Typesetting & Print : VJ Graphics
**Rs. 15/-**

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## പ്രസാധകരുടെ പ്രസ്താവന

ഒരു പുരുഷായുസ് മുഴുൻ സഭയ്ക്കും സമൂഹത്തിനും വേണ്ടി സ്വജീവിതം സമർപ്പിക്കുകയും ദേശീയ അന്തർദേശീയതലത്തിൽ അനശ്വര വ്യക്തിമുദ്രപതിപ്പിക്കുകയും ചെയ്ത ഭാരതീയ വിശ്വപൗരനാണ് ഫാദർ.ഡോ.വി.സി.ശമുവേൽ. 1998 നവംബർ 18-നു എൺപത്തിയേഴാമത്തെ വയസിലാണ് അദ്ദേഹം നിത്യമഹിമയിൽ പ്രവേശിച്ചത്.

ധന്യാത്മാവായ അദ്ദേഹത്തിന്റെ പാവനസ്മരണയെ ആദരിച്ചുകൊണ്ട് സുപ്രസിദ്ധ ചിന്തകനും എക്യുമെനിക്കൽ വക്താവും വാഗ്മിയും അദ്ധ്യാപകശ്രേഷ്ഠനുമായ പ്രൊഫ. നൈനാൻ കോശി നിർവ്വഹിച്ച സ്മാരക പ്രഭാഷണമാണ് ഈ ഗ്രന്ഥം. മാനവികവിചാരകേന്ദ്രം 2003 ജാനുവരി 4-ന് പത്തനംതിട്ട ടൗൺ വൈ.എം.സി.എ ഹാളിൽ നടത്തിയ സമ്മേളനത്തിൽ ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ, റവ.ഡോ.മാത്യു ദാനിയേൽ, ഫാ.ഡോ. മാത്യു വൈദ്യൻ, ജെ.സി.ദേവ്, ജോർജ്ജ് എബ്രഹാം പച്ചയിൽ, കോന്നിയൂർ രാധാകൃഷ്ണൻ, ഇ.ജെ.വറുഗീസ്, എന്നിവർ അനുസ്മരണപ്രസംഗം നടത്തുകയുണ്ടായി.

സഭാമല്പാൻ, സർവ്വകലാശാലാ പ്രൊഫസർ, ഡീൻ, പ്രിൻസിപ്പാൾ, സെനറ്റ് സെക്രട്ടറി, വിസിറ്റിംഗ് പ്രൊഫസർ, വേദശാസ്ത്രജ്ഞൻ, ക്രിസ്തുവിജ്ഞാനീയൻ, ചരിത്രകാരൻ, ബഹുഭാഷാപണ്ഡിതൻ, ഗവേഷകൻ, ചിന്തകൻ, എഴുത്തുകാരൻ, പ്രബന്ധാവതാരകൻ, വിവർത്തകൻ, നിരൂപകൻ, ആരാധനാപരിഷ്കർത്താവ്, സഭാപിതാക്കന്മാരുടെയും ഭാരതീയചാര്യശ്രേഷ്ഠന്മാരുടെയും ചിന്തകൾ സ്വാംശികരിച്ച് ഹൈന്ദവസത്തയുടെ പൊരുൾതേടിയ

www.malankaralibrary.com

സുവിശേഷകൻ, എക്യുമെനിക്കൽ പ്രവാചകൻ, സർവ്വോപരി മാനവികതയുടെ വക്താവ് എന്നീ നിലകളിൽ അപൂർവ്വപ്രതിഭാധനനായിരുന്നു അദ്ദേഹം.

പതിനഞ്ചു നൂറ്റാണ്ടുകാലം പരസ്പരം ശീത്മയിലും സംസർഗ്ഗവുമില്ലാതെയും നിലനിന്നുവന്ന ആകമാന ക്രൈസ്തവസമൂഹത്തെ ഐക്യപാതയിലേക്ക് അനുനയിപ്പിക്കുന്നതിനു മാർഗ്ഗദർശിയാകുവാൻ ദൈവനിയോഗമുണ്ടായ ധൈഷണികാചാര്യശ്രേഷ്ഠൻ ലോകത്തിലെ ഏറ്റവും പുരാതനമായ ഭാരതസഭയുടെ സ്വാതന്ത്ര്യവും പൈതൃകവും വീണ്ടെടുക്കുന്നതിനും ദേശീയസ്വത്വം വികസിപ്പിക്കുന്നതിനും ഐക്യം പരിപോഷിപ്പിക്കുന്നതിനും നല്കിയിട്ടുള്ള മൗലികവും ബൗദ്ധികവുമായ ദർശനങ്ങൾ പകരം വെയ്ക്കുവാൻ രണ്ടാമതൊന്നില്ലാത്തതുമാണ്.- മാനവികതയ്ക്ക് പുതിയൊരു അദ്ധ്യായം അദ്ദേഹം തുറന്നുതരികയും ചെയ്തു.

ദേശ, ഭാഷ, സമുദായ, മത, രാഷ്ട്രീയ മൗലികവാദവും വിദ്വേഷവും, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവും എന്നത്തേക്കാളുമധികം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, ഈ മഹാമനീഷിയുടെ ഉദാത്തവും മഹത്തരവുമായ ദർശനങ്ങളും ഉത്തമവും വിശുദ്ധവുമായ ജീവിത മാതൃകയും നമുക്കും വരുംതലമുറകൾക്കും പ്രചോദനം നല്കട്ടെ!

പ്രസാധകർ

www.malankaralibrary.com

# മാനവികതയും എക്യുമെനിസവും
# സമകാലീന വെല്ലുവിളി
# വി.സി.ശാമുവേലച്ചന്റെ ദർശനത്തിലൂടെ

## സംഭവബഹുലവും സുവർണ്ണവുമായ സേവനകലഘട്ടത്തിലെ ഒരദ്ധ്യായം

ആദരണീയനായ ഡോ.വിസി.സാമുവേൽ അച്ചന്റെ സ്മാരകമായിട്ടുള്ള പ്രസംഗപരമ്പരയിൽ പ്രഭാഷണം നടത്തുവാൻ എന്നെ ക്ഷണിച്ചത് വലിയൊരു പദവിയായി ഞാൻ കണക്കാക്കുന്നു. ഡോ.വി.സി.സാമുവേൽ അച്ചനെ ഞാൻ ആദ്യമായി അടുത്തു പരിചയപ്പെടുന്നത് ഏതാണ്ട് മുപ്പത്തിനാലു വർഷങ്ങൾക്കു മുമ്പ്, 1968-ൽ സഭകളുടെ ഉപ്സാലാ ലോകസമ്മേളനത്തിൽ വച്ചാണ്. ഡോ.വി.സി. സാമുവേൽ അച്ചൻ, ഡോ.എം.എം. തോമസ്, ഫീലിപ്പോസ് മാർ ക്രിസോസ്തം തിരുമേനി, ഫാ.പോൾ വറുഗീസ്, (പൗലോസ് മാർഗ്രീഗോറിയോസ് തിരുമേനി), എന്നീ പ്രഗത്ഭർ ആ ലോകസമ്മേളനത്തിൽ ഉണ്ടായിരുന്നു. ഒരുപക്ഷെ ഉപ്സാലാ ലോകസമ്മേളനത്തിലെ ഏറ്റവും പ്രായംകുറഞ്ഞ പ്രതിനിധികളുടെ കൂട്ടത്തിൽ ഒരാളായിരുന്നു നവാഗതനായ ഞാൻ. ഒത്തിരിയൊത്തിരി വ്യക്തിപരമായ പ്രോത്സാഹനവും പ്രചോദനവും അന്നുമുതൽ ഡോ. സാമുവേൽ അച്ചനിൽനിന്ന് എനിക്കു ലഭിച്ചു. അതുകൊണ്ടുകൂടി

www.malankaralibrary.com

യാണ് മഹാത്മാവായ അദ്ദേഹത്തിന്റെ അനുസ്മരണാർത്ഥം നടത്തുന്ന ഈ സമ്മേളനത്തിൽ സ്മാരകപ്രഭാഷണം നടത്തുവാൻ എനിക്കു ലഭിച്ച അവസരത്തെ മഹാപദവിയായി ഞാൻ കരുതുന്നത്.

അതിർവരമ്പുകളില്ലാത്ത സാമുവേൽ അച്ചന്റെ ബഹുമുഖമായ ജീവചരിത്രത്തിൽതന്നെ, ഒരുപക്ഷെ വളരെയധികം അറിയപ്പെടാത്തതും, അദ്ദേത്തിന്റെ സംഭവബഹുലവും സുവർണ്ണവുമായ സേവനകാലഘട്ടമെന്നു വിശേഷിപ്പിക്കാവുന്ന എത്യോപ്യയിലെ പ്രവർത്തനനകാലത്ത് നടന്നതുമായ ഒരു സംഭത്തെക്കുറിച്ച് ആദ്യമായി അല്പം പരാമർശിച്ചുകൊള്ളട്ടെ. രണ്ടു തവണയാണ് അദ്ദേഹം എത്യോപ്യൻ സർവ്വകലാശാലയുടെതന്നെ ഭാഗമായ തിയോളജിക്കൽ കോളേജിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചത്. രണ്ടാംപ്രാവശ്യം അദ്ദേഹം കോളേജിന്റെ ആകമാന ചുമതല വഹിച്ചിരുന്ന ഡീനും പ്രിൻസിപ്പാളുമായിരുന്ന കാലത്ത് 1974-ജൂലായ് മാസത്തിലാണ് എത്യോപ്യയിൽ പട്ടാളവിപ്ലവം ഉണ്ടായത്. വിപ്ലവം പൊട്ടിപുറപെട്ട അവസരത്തിൽ എന്താണ് എത്യോപ്യയിൽ യഥാർത്ഥമായും സംഭവിച്ചതെന്നു പുറംലോകത്തിനു വ്യക്തമായി ഒന്നുംതന്നെ അറിഞ്ഞുകൂടായിരുന്നു. പ്രധാനമന്ത്രിയായ എന്റെൻ കെന്റോൺ മെക്കോണെൻ ഉൾപ്പെടെ നാല്പത്തിയൊമ്പത് ഉന്നത നേതാക്കന്മാരെ പട്ടാളഭരണാധികാരികൾ വധിക്കുകയുണ്ടായി. ലോകത്തെ ഞെട്ടിപ്പിച്ച ഈ സംഭവത്തെക്കുറിച്ച് ഏതുവിധത്തിൽ പ്രതികരിക്കണം എന്നുള്ളത് മറ്റു രാജ്യങ്ങൾക്കൊ ഐക്യരാഷ്ട്ര സംഘടനയ്ക്കുതന്നെയൊ നിശ്ചയമുണ്ടായിരുന്നില്ല. മാത്രവുമല്ല, ഇതെതുടർന്ന് മറ്റുപലരെയും വധിക്കുവാനുള്ള തീരുമാനം ഭരണനേതൃത്വം എടുത്തുകഴിഞ്ഞിരുന്നുവെന്ന വാർത്തകളും ഉണ്ടായിരുന്നു. പലരും ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ചത് ജനീവയിലെ സഭകളുടെ ലോകകൗൺസിൽ എന്തുപറയുന്നുവെന്നായിരുന്നു. ഞാനന്ന് സഭകളുടെ ലോക

www.malankaralibrary.com

കൗൺസിലിന്റെ അന്താരാഷ്ട്രവിഭാഗത്തിൽ ജോലിയിലായിട്ട് ഏതാനും ആഴ്ചകൾ മാത്രമെ ആയിട്ടുള്ളു. വളരെ പ്രയാസങ്ങളുണ്ടായിരുന്നുവെങ്കിലും വി.സി.സാമുവേൽ അച്ചനുമായി ഫോണിൽകൂടി ബന്ധപ്പെടുന്നതിനു സാധിച്ചു. പുതിയ പട്ടാളഗവൺമെന്റിനെ സഭകളുടെ ലോകകൗൺസിൽ പരസ്യമായി വിമർശിക്കുന്നത് എത്രമാത്രം പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നുള്ളതായിരുന്നു തീരുമാനിക്കേണ്ടിയിരുന്നത്. കാരണം എത്യോപ്യയിലെ നല്ലപങ്ക് ജനങ്ങളും ക്രിസ്തീയവിശ്വാസം പുലർത്തിയിരുന്നവരായതിനാൽ അവിടത്തെ സഭയുടെ അഭിപ്രായം ആരാഞ്ഞശേഷംവേണം ഒരു പ്രതികരണം നടത്തേണ്ടത് എന്നായിരുന്നു. എന്നാൽ അന്നത്തെ സാഹചര്യത്തിൽ അത്തരം വിശദമായ ഒരു അന്വേഷണം നടത്തി പ്രതികരിക്കുവാൻ സാധ്യവുമായിരുന്നില്ല. പക്ഷെ ഉടനെ പ്രതികരിക്കേണ്ടത് അടിയന്തരമായ ആവശ്യവുമായിരുന്നു. കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ ഐക്യരാഷ്ട്ര സംഘടനയുൾപ്പെടെ പലരും അന്വേഷിച്ചത് സഭകളുടെ ലോകകൗൺസിൽ എന്തുപറയുന്നുവെന്നായിരുന്നു. ആദ്യദിവസം ടെലിഫോൺ ബന്ധം വിച്ഛേദിച്ചിട്ടില്ലാതിരുന്നതിനാൽ ഡോ.വി.സി.സാമുവേൽ അച്ചനുമായി ബന്ധപ്പെട്ടു വിദഗ്ധ അഭിപ്രായം ആരായുന്നതിനു സാധിച്ചതുമൂലം, സംഭവമുണ്ടായി ഇരുപത്തിനാലു മണിക്കൂറിനകം കൂടിയാലോചനകളുടെ ഫലമായി, വളരെ വിമർശനാത്മകമായ ഒരു പ്രസ്താവന ഇറക്കുവാൻ കഴിഞ്ഞു.

ആ പ്രസ്താവനയുടെ ചുവടുപിടിച്ചുകൊണ്ട് ഐക്യരാഷ്ട്ര സംഘടനയുടെ ജനറൽ അസംബ്ലിയുടെ പ്രസിഡന്റും സെക്രട്ടറി ജനറലും ചേർന്ന് ഒരു പ്രസ്താവന ഇറക്കുകയുണ്ടായി. അതുപോലെയൊന്ന് അക്കാലത്ത് അസാധാരണമായിരുന്നു. കാരണം നിങ്ങൾക്കറിയാം ലോകത്തിൽ എത്രയോ പട്ടാള വിപ്ലവങ്ങളും ആഭ്യന്തര കലഹങ്ങളും നടക്കാറുണ്ട്. അന്നൊന്നും

www.malankaralibrary.com

ഐക്യരാഷ്ട്ര സംഘടന അതിനെപ്പറ്റി ഒന്നും പറയാറില്ല. പറയുവാൻ പ്രയാസമാണ്. എന്നാൽ ഐക്യരാഷ്ട്ര സംഘടന അതു പറഞ്ഞു, എത്യോപ്യയുടെ കാര്യത്തിൽ.

ഈ സംഭവം വിവരിച്ചതിന് ഒരു കാരണംകൂടിയുണ്ട്. എത്യോപ്യയിൽ പട്ടാള വിപ്ലവം നടന്നപ്പോൾ ഏറ്റവും അധികം കെടുതി അനുഭവിച്ച ഒന്ന് അല്ലെങ്കിൽ ഒരു സുപ്രധാനഘടകം അവിടത്തെ സഭയായിരുന്നു. ഓർത്തഡോക്സു സഭാംഗമായ ചക്രവർത്തി ഹെയിലിസലാസി ഒന്നാമനെ പട്ടാളം വിട്ടുതടങ്കിലാക്കിയതോടപ്പം എത്യോപ്യൻസഭാതലവനായിരുന്ന തെയോഫിലോസ് പാത്രിയർക്കീസിനു എന്തു സംഭവിച്ചുവെന്നത് ഒരു ചോദ്യമായിരുന്നു. പാത്രിയർക്കീസിനു കുറെ ആഴ്ചക്കാലത്തേക്ക് സുരക്ഷനല്കിയത് വി.സി. സാമുവേൽ അച്ചൻ ആയിരുന്നുവെന്ന വസ്തുത ചിലർക്കെങ്കിലും അറിയാമായിരിക്കും. പിന്നീട് അദ്ദേഹത്തെ ജയിലിലടക്കുകയാണ് ചെയ്തത്. പാത്രിയർക്കീസിന്റെ ഉപദേഷ്ടാവുമായിരുന്ന അച്ചനുമായി അദ്ദേഹം വളരെയടുത്ത സുഹൃദ്ബന്ധം പുലർത്തിയിരുന്നു. പാത്രിയർക്കീസിന്റെ പ്രത്യേകമായ താല്പര്യംമൂലമായിരുന്നു രണ്ടാം പ്രാവശ്യം അച്ചൻ എത്യോപ്യയിൽ സേവനം അനുഷ്ഠിക്കുന്നതിനു പോയതിനു ഒരു കാരണം.

അക്കാലത്ത് എത്യോപ്യൻ പട്ടാള വിപ്ലവഭരണകൂടം ആരെയൊക്കെ ജയിലിലടച്ചുവെന്നതൊ എത്രപേരെ വധിച്ചുവെന്നതോ സർക്കാരിന്റെ ഉന്നതതലങ്ങളിൽപോലും നിശ്ചയമില്ലാതിരുന്ന ഒരു കാര്യമാണ്. ഈ സംഭവം ഞാൻ വെറുതെ അനുസ്മരിക്കുന്നതല്ല. പാത്രിയർക്കീസ് തെയൊഫിലോസിനെപ്പോലെ അന്നു ജയിലിലാക്കപ്പെട്ട വേറൊരു സഭാനേതാവായിരുന്നു ഇപ്പോഴത്തെ പാത്രിയർക്കീസായ സാമുവേൽ. 1978 മുതൽ ഇവരെ വിമോചിപ്പിക്കുവാനുള്ള ശ്രമങ്ങൾ സഭാകൗൺസിലിന്റെ നേതൃത്വത്തിൽ

www.malankaralibrary.com

നടത്തിവന്നു. അതിന്റെ ചുമതല എനിക്കായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. ആ കൂടിയാലോചനകൾ ആരംഭിക്കുന്ന ഘട്ടത്തിൽ മാത്രമാണ്, ബിഷപ്പ് സാമുവേൽ ജയിലിലുണ്ടെന്ന കാര്യം, ഞങ്ങൾ പറഞ്ഞാണ് എത്യോപ്യയിലെ ഇത്തരം കാര്യങ്ങളുടെ ചുമതല വഹിച്ചിരുന്ന ഉന്നത ഭരണസമിതിയായ 'ഡെർഗ്ഗി'ന്റെ തലപ്പത്തുള്ളവർപോലും മനസിലാക്കിയത്. ഏതായാലും ബിഷപ്പ് സാമുവേലിനെ മോചിപ്പിക്കുവാൻ സാധിച്ചു. തെയോഫിലോസ് പാത്രയർക്കീസിനെ മോചിപ്പിക്കുന്നതിനെപറ്റിയും പല കൂടിയാലോചനകളും ഏതാണ്ട് ഒന്നരകൊല്ലക്കാലം നടന്നു. അവസാനം പാത്രയർക്കീസിനെ വിമോചിപ്പിക്കാമെന്നു സർക്കാർ സമ്മതിച്ചു. അദ്ദേഹത്തെ ഏതാണ്ട് രഹസ്യമായിത്തന്നെ എത്യോപ്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽ ഏതെങ്കിലും സന്യാസാശ്രമത്തിൽ അയയ്ക്കാമെന്നു ഗവൺമെന്റ് തത്വത്തിൽ സമ്മതിച്ചു. ഈജിപ്തിലെ ഏതെങ്കിലും ഒരു ആശ്രമത്തിലായിരുന്നു സ്വാഭാവീകമായും പാത്രിയർക്കീസിനെ അയക്കേണ്ടിയിരുന്നത്. പക്ഷെ ഈജിപ്തിലെ കോപ്റ്റിക് ഓർത്തഡോക്സു സഭയും എത്യോപ്യൻ ഓർത്തഡോക്സ് സഭയും തമ്മിൽ ബന്ധം നല്ലനിലയിലായിരുന്നില്ല. അതിനു കാരണങ്ങളുണ്ട്, അതിലേക്കു ഞാൻ ഇവിടെ കടക്കുന്നില്ല.

പാത്രിയർക്കീസിനെ വിമോചിപ്പിക്കുവാനുള്ള തീരുമാനം സർക്കാർ എടുത്തു കഴിഞ്ഞപ്പോൾ അതിന്റെ ക്രമീകരണങ്ങൾക്കായി ഞാൻ വീണ്ടും ആഡീസ് അബാബയിലേക്ക് പോയി. പാത്രിയർക്കീസിനെ വിമോചിപ്പിക്കുമ്പോൾ അദ്ദേഹത്തെ എവിടേക്കാണ് കൊണ്ടുപോകുന്നത് എന്നുള്ളത് അദ്ദേഹത്തിനു പൂർണ്ണ വിശ്വാസമുള്ള ആരെക്കൊണ്ടെങ്കിലും പറയിച്ചെങ്കിൽ മാത്രമേ ബോദ്ധ്യമാകുകയുള്ളു. സഭാകൗൺസിലിൽ ഞാൻ പുതിയ ആളായിരുന്നുവെന്നു നേരത്തെ പറഞ്ഞുവല്ലോ. പാത്രിയർക്കീസിനെ ഞാൻ 1972-ൽ കണ്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന് എന്നെ

www.malankaralibrary.com

പരിചയമുണ്ടായിരുന്നില്ല. അദ്ദേഹത്തിനു നേരിട്ട് നന്നായി അറിയാവുന്ന ലോകകൗൺസിലിലുണ്ടായിരുന്ന വേറൊരാൾ കേരളീയനായ സി.ഐ.ഇട്ടി മാത്രമായിരുന്നു. എന്നാൽ സഭകളുടെ അന്താരാഷ്ട്ര വിഭാഗം കൂടിയാലോചിച്ചപ്പോൾ തീരുമാനിച്ചത് വി.സി.ശാമുവേലച്ചനുണ്ടെങ്കിൽ, അച്ചനിൽ അദ്ദേഹത്തിനു പരിപൂർണ്ണ വിശ്വാസവും സ്വാധീനവും ഉള്ളതുകൊണ്ട് ക്രമീകരണങ്ങൾ പെട്ടെന്ന് പൂർത്തിയാക്കുവാൻ സാധിക്കും എന്നായിരുന്നു. നിർഭാഗ്യവശാൽ ഈ തീരുമാനം പിന്നീട് മാറ്റുകയാണുണ്ടായത്. അതിനു എത്യോപ്യൻ ഭരണനേതൃത്വം നല്കിയ കാരണങ്ങളിലേക്ക് ഞാൻ ഇവിടെ കടക്കുന്നില്ല. ഞാൻ ഇത് പറഞ്ഞുവരുന്നത് എത്യോപ്യൻ സഭയിലും സർവ്വകലാശാലയിലും രാഷ്ട്രത്തിലും അതോടൊപ്പം സഭകളുടെ ലോക സമിതിയിലും ഐക്യരാഷ്ട്ര സംഘടനയുടെ നേതാക്കളിലും ഡോ.വി.സി.സാമുവേൽ അച്ചനുണ്ടായിരുന്ന സ്ഥാനം, അദ്ദേഹത്തിനു നല്കിയിരുന്ന ബഹുമതി, നമ്മിൽ പലർക്കും വളരെകുറച്ചുപോലും അറിഞ്ഞുകൂടാ എന്നുള്ള വസ്തുത ചൂണ്ടക്കാണിക്കുവാനായിട്ടു കൂടിയാണ്. ഒരു പക്ഷേ അദ്ദേഹത്തിന്റെ സേവന കാലഘട്ടത്തിലെ ഏറ്റവും പ്രശംസനീയമായ ഘടകവുമായിരുന്നു അത് എന്നുള്ളത് ഏറെ സ്മരണീയമാണ്.

പട്ടാള വിപ്ലവമുണ്ടായി ഞാൻ പറഞ്ഞവിധത്തിലുള്ള ഒട്ടനവധി പരീക്ഷണങ്ങളും പ്രയാസങ്ങളും എത്യോപ്യൻ സഭ അനുഭവിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ, സർവ്വകലാശാലയും തിയോളജിക്കൽ കോളേജും അടഞ്ഞ് സ്തംഭിച്ചുകിടന്നപ്പോൾപോലും വളരെയേറെ പ്രയാസത്തോടുകൂടി രണ്ടു വർഷത്തോളം അവരോടൊപ്പം ജീവിച്ച്, തനിക്കു ലഭിച്ച വലിയ കഴിവും നേതൃത്വവും പരമാവധി ഉപയോഗപ്പെടുത്തി സാമുവേൽ അച്ചൻ സേവനം അനുഷ്ഠിച്ചുവെന്നത് ചൂണ്ടിക്കാണിക്കുവാനായിട്ടുകൂടി

www.malankaralibrary.com

യാണ്, ഞാൻ ഈ ചരിത്രത്തിലേക്കു കടന്നത്. ഈ പ്രതിസന്ധിഘട്ടത്തിലും ഇംഗ്ലീഷിലും ഗ്രീക്കിലും 'അബ്വാ സലാമാ', എന്നും, പുരാതന എത്യോപ്യൻ ഭാഷയായ 'ഗ്ഈസി'ൽ 'എക്ലിയാസ്തിക്കീസ് ഫാറോസ്' എന്നും ഉള്ള രണ്ടു അന്താരാഷ്ട്ര ഗവേഷണപ്രസിദ്ധീകരണങ്ങൾ അതിന്റെ ചുമതല വഹിച്ചിരുന്ന അച്ചൻ മുടക്കംകൂടാതെ നിർവഹിച്ചിരുന്നു എന്നതും സുസ്മരണാർഹമാണ്.

MALANKARA
LIBRARY

www.malankaralibrary.com

## മാനവികതയും എക്യുമെനിസവും സമകാലീന വെല്ലുവിളി

എക്യുമെനിസവും മാനവികതയും നേരിടുന്ന വെല്ലുവിളികളാണ് ഞാൻ പ്രസംഗവിഷയമായി എടുത്തിരിക്കുന്നത്. എക്യുമെനിസത്തിനു ധാരാളം നിർവ്വചനങ്ങൾ നല്കാം. ഞാനിവിടെ നൽകുന്ന നിർവ്വചനം ദൈവത്തിന്റെ ഭവനം - House hold of God- എന്നുള്ളതാണ്. നിർവ്വചനങ്ങളെപ്പറ്റി പിന്നാലെ കൂടുതലായി പരാമർശിക്കാം. ഇവിടെ മാനവികതയെന്നു പറയുന്നത് ദൈവത്തിന്റെ ഭവനത്തിൽ വസിക്കുന്ന മനുഷ്യരുടെയെല്ലാം മാനവികതയാണ്. അതിലേക്ക് പിന്നീട് കടക്കാം. ഈ ദൈവ ഭവനത്തിൽ - ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി അദ്ധ്യക്ഷപ്രസംഗത്തിൽ പരാമർശിച്ചതനുസരിച്ച് Divinisation-നും Humanisation- നും ഒരുമിച്ച് നടക്കുന്നുവെന്നാണ്. എന്നാൽ എക്യുമെനിസത്തെപ്പറ്റിയുള്ള ഡോ.വി.സി. സാമുവേലച്ചന്റെ സുചിന്തിതമായ ആശയങ്ങളിൽ ചിലത്, ഞാൻ മനസിലാക്കിയിട്ടുള്ളത് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. കാരണം അദ്ദേഹം സാധാരണ നാം കരുതുന്ന അർത്ഥതലത്തിലുള്ള ഒരു എക്യുമെനിക്കൽ നേതാവായിരുന്നില്ല. സാമുവേൽ അച്ചൻ എക്യുമെനിസത്തിനു നല്കിയ സംഭാവനകൾ അദ്ദേഹത്തിന്റെ ആഴമായ പഠനങ്ങളുടെ അനുഭവത്തിൽ സഭകൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ക്രിസ്തുവിൽ സംഭാഷണം നടത്തുവാനുള്ള സാഹചര്യങ്ങളും സാധ്യതകളും പ്രായോഗികതലത്തിൽ വർദ്ധിപ്പിച്ചെടുത്തു എന്നുള്ളതാണ്. തിരുമേനി ഇവിടെ പരാമർശിച്ച ക്രിസ്തുവിന്റെ വ്യക്തിത്വഘടനയെപ്പറ്റിയും അതുമായി ബന്ധപ്പെട്ടു നടന്ന കല്ക്കദൂൻ കൗൺസിൽ തീരുമാനങ്ങളെയും അതിന്റെ പരിണതഫലമായിട്ടു

www.malankaralibrary.com

ണ്ടായ സഭാപിരിച്ചുകളെയും കുറിച്ചു സാമുവേലച്ചൻ നല്കിയ വ്യഖ്യാനം അല്ലെങ്കിൽ പുനർവ്യാഖ്യാനം. അത് അതുവരെ കാൽസിഡോൺ കൗൺസിലിനെക്കുറിച്ചു, നിലവിലിരുന്ന പല ധാരണകളും തിരുത്തിയെടുത്തു. ഓർത്തഡോക്സ് സഭകൾക്കുള്ളിൽ ഈസ്റ്റേൺ ഓർത്തഡോക്സ്, ഓറിയന്റ ഓർത്തഡോക്സ് സഭകളെ തമ്മിലും കത്തോലിക്കാ സഭയെയും പരസ്പരം അകറ്റിനിറുത്തിയിരുന്ന ഒട്ടനവധി ധാരണകളെയും ആ ധാരണകൾ ഉണ്ടാക്കിയ മുൻവിധികളെയും ഇവയെല്ലാം ചേർന്നുണ്ടാക്കിയ പുകമറകളെയുമൊക്കെ ഭേദിച്ചുകൊണ്ടാണ് ഈ സഭകൾ തമ്മിൽ ക്രിസ്തുവിലുള്ള സംഭാഷണത്തിനു സാഹചര്യവും സാധ്യതകളും അദ്ദേഹം വളർത്തിയെടുത്തിട്ടുള്ളത്. അഗാധമായ പാണ്ഡിത്യത്തിലൂടെ, പാരമ്പര്യങ്ങളെ സ്വയംവിമർശനത്തിനു വിധേയമാക്കി, സത്യം അന്വേഷണവിധേയമാക്കിയതിലൂടെയാണ് അദ്ദേഹം എക്യുമെനിസത്തിനും മാനവികതയ്ക്കും, പുത്തൻ വാതായനം തുറന്നുതന്നത്, ലോകോത്തരമായ സംഭാവന നല്കിയത്. ഒരോ ചരിത്രകാലവും സൃഷ്ടിച്ചെടുക്കുന്ന വിവിധ പാരമ്പര്യങ്ങൾക്കും അവ നല്കുന്ന പരാധീനതകൾക്കും അതീതമാണ് സഭ, എന്നുള്ളതായിരുന്നു സാമുവേലച്ചന്റെ ചിന്തയുടെ പ്രത്യേകതയും സവിശേഷതയും നവീനതയും. അത്തരം സഭയെയും സമൂഹത്തെയും പറ്റിയുള്ള സത്യാന്വേഷണമാണ് എക്യുമെനിസം എന്ന് അദ്ദേഹം മനസ്സിലാക്കി. ഓർത്തഡോക്സ് പാരമ്പര്യം എന്നു പറയുന്നതിനെത്തന്നെ സ്വയം വിമർശനവിധേയമാക്കുവാനും ആ പാരമ്പര്യങ്ങൾക്ക് പുതിയ പാഠഭേദംകുറിക്കുവാനും അദ്ദേഹം തയ്യാറായി. അതോടൊപ്പം സ്വജീവിതത്തിൽതന്നെ എക്യുമെനിസവും മാനവീകതയും പ്രാവർത്തികമാക്കി മറ്റുള്ളവർക്കു മാതൃകകാണിച്ചുകൊടുക്കുകയും ചെയ്തു. അഗാധമായ പഠന ഗവേഷണത്തോട് ഒത്തിണങ്ങിയ നീരൂപണസിദ്ധിയും പ്രതിബദ്ധതയും സമന്വയിപ്പിച്ച് സഭയുടെ

www.malankaralibrary.com

യഥാർത്ഥ അർത്ഥം, ക്രിസ്തുദർശനത്തിന്റെ വിവിധ മാനങ്ങളോടെ കണ്ടെത്തി, സഭാസമൂഹങ്ങളെ തമ്മിൽ യോജിപ്പിക്കുവാനുള്ള പ്രതലം അന്വേഷിച്ച് നേടിയെടുത്തുവെന്നുള്ളതാണ് സാമുവേലച്ചന്റെ ഏറ്റവും മഹത്തായ നേട്ടവും സംഭാവനയും.

നമ്മുടെ കാഴ്ചപ്പാടുകൾക്ക് ദേശകാലാനുസൃതമായ മാറ്റം ഉണ്ടായില്ലെങ്കിൽ എക്യുമെനിസവും മാനവികതയും ഉപരിപ്ലവം മാത്രമാണെന്നും അതു ബാഹ്യമായിമാത്രം ഉള്ളതുമാണെന്നും അച്ചൻ വിശ്വസിച്ചു. ചരിത്രത്തിന്റെ ഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തോട് ഇഴുകുവാനല്ല മറിച്ച് അതുയർത്തുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ സഭയെയും സമൂഹത്തെയും സന്നദ്ധമാക്കുവാനാണ് എക്യുമെനിസവും സഭാ ഐക്യവും ശ്രമിക്കേണ്ടതെന്ന് അച്ചൻ വളരെ വ്യക്തമായി പറഞ്ഞു. പാരമ്പര്യവാദത്തിനു മാത്രം പ്രാമുഖ്യം കല്പിച്ചുവന്നതുമൂലം ലോകത്തിൽ സഭയുടെ കർത്തവ്യവും ദൗത്യവും ശരിയായി നിർവ്വഹിക്കുവാനാകാതെ പലപ്പോഴും സംഘർഷമുണ്ടാക്കിയിരുന്നു. ഇന്നും സംഘർഷം ഉണ്ടാക്കുന്നുമുണ്ട്. ഇതേപ്പറ്റി അച്ചനു നല്ല ബോധ്യമുണ്ടായിരുന്നു. ദൈവശാസ്ത്രപഠനം സ്വയംവിമർശനവിധേയമാക്കുവാൻ തക്കതായ കാരണവുമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുകൊണ്ടുകൂടിയാണ് ഞാൻ പറഞ്ഞത് ഓർത്തഡോക്സ് വിശ്വാസവും പാരമ്പര്യവും വളരെ ആഴത്തിൽ പഠിച്ച് വിമർശിക്കേണ്ടിടത്തു വിമർശിക്കുവാനും ഉപേക്ഷിക്കേണ്ടത് ഉപേക്ഷിക്കുവാനും അദ്ദേഹം സന്നദ്ധനായി. പാരമ്പര്യത്തെമാത്രം മുറുകെപിടിച്ച് പുകമറസൃഷ്ടിക്കുന്ന പലർക്കും പലപ്പോഴും അത്തരം സമീപനം അസ്വസ്ഥതയുണ്ടാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ ഓർത്തഡോക്സിയോടുള്ള അച്ചന്റെ പ്രതിബദ്ധതയെ അവർക്കാർക്കും ചോദ്യം ചെയ്യുവാൻ കഴിയുമായിരുന്നില്ലെന്നുള്ളതാണ് വസ്തുത. കാരണം, ചരിത്രപരമായ പാരമ്പര്യങ്ങൾക്ക് ഒരു

www.malankaralibrary.com

ആപേക്ഷികതയുണ്ട്. അത് relative ആണ്. അതിനുപരിയാണ് സഭയെന്ന് അച്ചൻ വ്യക്തമാക്കിയിരുന്നു.

അതുപോലെ ഇൻഡ്യയിലെ സഭയുടെ സാംസ്ക്കാരികതയും ആദ്ധ്യാത്മികതയും ഈ നാടിന്റെ പശ്ചാത്തലവുമായി പൊരുത്ത പ്പെട്ട് ഈ നാട്ടിലെ ജനങ്ങൾക്ക് ഇഴുകിയിരിക്കണമെന്ന് അദ്ദേഹത്തിനു ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു. ഇൻഡ്യയിലെ സഭ എങ്ങനെ കർമ്മോന്മുഖമാകണമെന്നും ആ പ്രക്രിയയിൽ ഈ നാടിന്റെ ആദ്ധ്യാത്മികതയും സംസ്കൃതിയും എപ്രകാരം കൂടിക്ക ലരണമെന്നും ഉള്ളതിനെക്കുറിച്ച് വ്യക്തമായ ദർശനങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ഇതായിരുന്നു ഇതര മതങ്ങളോടും പ്രത്യേകിച്ച് ഹൈന്ദവ മതത്തോടുമുള്ള അദ്ദേഹത്തിന്റെ ബഹുമാ നപൂർവ്വമായ സമീപനത്തിനു കാരണം. ഇന്ന് മതങ്ങളെചൊല്ലി ഇൻഡ്യയിൽ നടക്കുന്ന അപകടകരമായ വിവാദങ്ങൾ പരിശോധി ക്കേണ്ടത് അച്ചനെപോലുള്ളവർ നമുക്കു നല്കിയിട്ടുള്ള ദർശനങ്ങ ളുടെ അടിസ്ഥാനത്തിൽ വേണം. അവരുടെ ആദർശങ്ങളും വീക്ഷണഗതികളും, ഇന്നു നടക്കുന്ന അവകാശവാദങ്ങൾ എത്ര മാത്രം അപകടകരമാണ് എന്ന വസ്തുത വളരെവേഗത്തിൽ നമ്മേ ബോദ്ധ്യപ്പെടുത്തും.

എക്യുമെനിസം അന്താരാഷ്ട്രതലത്തിലുണ്ടായതിനു ഒരു കാരണം ഇന്റർനഷണലിസമാണെന്നു പറയാം. ദേശങ്ങൾക്കതീത മായ ഒന്നാണ് സഭ. അതുകൊണ്ടാണ് ദേശാതീതമായ സഭയുടെ സ്വഭാവത്തിന്റെ പ്രകടനമാണ് എക്യുമെനിസമെന്നു പറയുന്നത്. ദേശത്തോടു ബന്ധമില്ലാത്ത ദേശത്തിന്റെ സ്വാതന്ത്ര്യവും തനിമയും അഭിലഷിക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യാത്ത സഭയെപ്പറ്റി വി.സി.സാമുവേലച്ചൻ രൂക്ഷമായിതന്നെ വിമർശിച്ചു. മാത്രവുമല്ല, ദേശീയതതന്നെ ഏഷ്യയിലെ പല രാജ്യങ്ങളിലും എക്യുമെനിസ ത്തിന്റെ വളർച്ചക്കു കാരണമാകുകയും ചെയ്തു. ഇൻഡ്യയിലെ

www.malankaralibrary.com

സ്ഥിതി അതാണ്. ചൈനയിലും ജപ്പാനിലും കൊറിയയിലുമൊക്കെ നാല്പതുകളിലും അമ്പതുകളിലും അതിനു തൊട്ടുമുമ്പുമൊക്കെ സഭാ ഐക്യത്തെപ്പറ്റി ചർച്ചയുണ്ടായത് ദേശീയ സ്വാതന്ത്ര്യത്തെപ്പറ്റിയും ദേശീയ പ്രസ്ഥാനത്തെപ്പറ്റിയുമുള്ള ധാരണകളോട് ബന്ധിച്ചാണ്. ദേശീയസ്വാതന്ത്ര്യവും സഭയുടെ സ്വാതന്ത്ര്യവും ബന്ധപ്പെട്ടുകിടക്കുന്നതാണ് എന്ന് ഒസ്താത്തിയോസ് തിരുമേനി ഇവിടെ സൂചിപ്പിച്ചുവല്ലോ. അവ എക്യുമെനിസത്തിന്റെ ഭാഗംതന്നെയാണെന്നു അച്ചൻ വിശ്വസിച്ചു.

ഈ കാലഘട്ടം എക്യുമെനിക്കൽ പ്രതിസന്ധിയുടേതാണെന്നു - ക്രൈസിസിന്റേതാണെന്നു - നിരീക്ഷിക്കുന്നവർക്കു മനസിലാക്കുവാൻ വിഷമമില്ല. സഭകളുടെ ലോകകൗൺസിൽ പറയുന്നത് പ്രതിസന്ധിയുണ്ടെന്നാണ്. ഐക്യപ്രവർത്തനത്തിനും പ്രതിസന്ധികളാണ്. പല പ്രസ്താവനകളിലൂടെയും റോമൻ കത്തോലിക്കാ സഭ എക്യുമെനിസത്തിൽനിന്നു അല്പം പുറകോട്ടു പോയി എന്നുള്ള വിമർശനം ഉണ്ട്. ഉദാഹരണമായി സഹോദരീ സഭകൾ (Sister church) എന്ന പ്രയോഗം ശരിയല്ലെന്നു കാർഡിനൽ റാറ്റ്സിംഗറിന്റെ നേതൃത്വത്തിലുള്ള വത്തിക്കാന്റെ വിശ്വാസപ്രമാണത്തിനുള്ള സംഘം പുറത്തിറക്കിയ രേഖ. മറ്റൊന്ന് യേശുക്രിസ്തുവിന്റെ നിസ്തുലതയും സാർവ്വ ജനീനത്വവും സഭയും (On the Unicity and Salvific Universality of Jesus Christ and the Church) എന്ന 'ഡോമിനസ് ഇയിസസ്' (Dominus Ieusus) പ്രമാണരേഖ. ഞാനതിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. ('വത്തിക്കാൻ പുറകോട്ടുപോകുന്നു' പ്രൊഫ. നൈനൻ കോശി, 'വൈദികരുടെ വൈദികൻ' റവ.ഡോ.വി.സി.ശമുവേൽ അനുസ്മരണ വാല്യം കാണുക-പ്രസാധകർ) ഒരെക്യുമെനിക്കൽ പ്രതിസന്ധിയുണ്ടെന്നുള്ളത് വസ്തുതയാണ്. എക്യുമെനിസത്തിനുള്ള വെല്ലുവിളികളെപ്പറ്റി ഒരു പ്രധാന സമ്മേളനം ജനീവായിൽവച്ച് നടക്കുന്നുണ്ട്. ഏതാണ്ട്

www.malankaralibrary.com

54 വർഷങ്ങളായി നിലവിലുള്ള സഭകളുടെ ലോക കൗൺസിൽ ഇതുപോലൊരു പുതിയ സംരംഭം നടത്തുന്നതുതന്നെ എന്തൊ പ്രതിസന്ധിയുണ്ടെന്നുള്ളത് വ്യക്തമാണ്. അപ്പോൾ പ്രതിസന്ധിയെന്നു പറയുന്നതിനപ്പുറം പുതിയ വെല്ലുവിളികൾ ഉണ്ടെന്നുള്ളതാണ്. ആ വെല്ലുവിളികളെ നേരിടുവാൻ തക്കവണ്ണം സഭകളും സഭൈക്യ പ്രസ്ഥാനങ്ങളും ഇന്നു വളരുന്നുണ്ടോ എന്ന ചോദ്യവും തീർച്ചയായിട്ടുണ്ട്.

അപ്പോൾ ഇവിടെ എക്യുമെനിസത്തിനു പ്രതിസന്ധിയുണ്ട്, വെല്ലുവിളികളുണ്ട്. ചിലരു പറയുന്നത് പുതിയൊരു എക്യുമെനിസം ആവശ്യമാണെന്നാണ്. അവർ New Ecumenism-ത്തിന്റെ അന്വേഷണത്തിലാണ്. അപ്പോൾ എക്യുമെനിസത്തെ സമ്പന്ധിച്ച് ഒത്തിരി ചർച്ചകൾ നടക്കുന്നുണ്ട്. സഭാകൗൺസിലിന്റെ ജനീവാ സമ്മേളനത്തിൽ ഞാൻ സംബന്ധിക്കുന്നുണ്ട്. ബോസ്സെ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചും എക്യുമെനിസത്തിന്റെ പുതിയ അർത്ഥതലങ്ങളെക്കുറിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. അപ്പോൾ എക്യുമെനിസം ഇന്നൊരു പ്രധാന ചർച്ചാവിഷയംതന്നെയാണ്. പല പുതിയ വെല്ലുവിളികൾ നേരിടുന്ന എക്യുമെനിസത്തെപ്പറ്റി, നമുക്കഭിമുഖികരിക്കുവാനുള്ള പുതിയ ധാരണകളെപ്പറ്റി പരിശോധിച്ചശേഷം വെല്ലു വിളികളിലേക്കും കടക്കാം.

വി.സി.സാമുവേലച്ചന്റെ ദർശനത്തിൽ ഞാൻ നേരത്തെ നല്കിയ നിർവ്വചനമാണ് സഭകൾ തമ്മിൽ ക്രിസ്തുവിലുള്ള സംഭാഷണം (Dialogue among Churches in Christ) എന്നുള്ളതാണ് എക്യുമെനിസം. ഇവിടെ സംഭാഷണമെന്നു പറയുന്നത് സഭകളെപ്പറ്റി മാത്രമല്ല, ലോകത്തെപ്പറ്റിയാണ്. എക്യുമെനിസം എന്നു പറയുന്ന പദത്തിന്റെ അർത്ഥം The whole inhabited earth അതായത് ജനവാസമുള്ള ഭൂമി മുഴുവൻ എന്നത്രെ. അപ്പോൾ രണ്ടുകാര്യങ്ങൾ വ്യക്തമാണ്. ഒന്ന് ജനവാസമുള്ള ഈ ലോകം മുഴുവൻ ക്രിസ്തീയ

www.malankaralibrary.com

സുവിശേഷത്തിന്റെ സ്വാധീനമുണ്ടാക്കുന്നതിനെയാണ് എക്യുമെനിക്കൽ പ്രസ്ഥാനമെന്നു പറയുന്നത്. അപ്പോൾ സഭകളുടെയും മനുഷ്യരാശി മുഴുവന്റെയും ഐക്യത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും എക്യുമെനിക്കൽ പ്രവൃത്തനങ്ങളാണെന്നു പറയാം. മാനവരാശിയുടേതെന്നു പറയുന്ന ആ സങ്കല്പം ഞാൻ നേരത്തെ പറഞ്ഞ ഉപ്സാലാ അസംബ്ലിയും ഏതാണ്ട് അതേ കാലഘട്ടത്തിൽതന്നെ വത്തിക്കാനും പറഞ്ഞിരുന്ന ആശയമാണ്. The unity of the Church and the unity of humankind. അന്നു mankind എന്നാണു പറഞ്ഞിരുന്നത്. ഇപ്പോൾ humankind എന്നാണ്. മാനവരാശിയുടെ കൂട്ടായ്മയ്ക്കായുള്ള അന്വേഷണവുമായി അഭേദ്യമായ ബന്ധമുള്ളതും അതിന്റെതന്നെ ഭാഗവുമാണ് സഭയുടെ ഐക്യം. ഈ ആശയം വി.സി.ശാമുവേലച്ചൻ ഏതാണ്ട് ഇരുപത്തഞ്ചുകൊല്ലക്കാലം ബൗദ്ധിക ദൈവശാസ്ത്ര നേതൃത്വം നല്കിയ ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷൻതന്നെ ഉണ്ടാക്കിയ പഠനമാണ്. ഉപ്സാലാ സമ്മേളനത്തിലാണ് ഈ പ്രയോഗത്തിനുള്ള സ്വീകാര്യത കൈവന്നത്.

ഡോ.വി.സി.സാമുവേൽ അച്ചന്റെ ഏറ്റവും പ്രധാന പ്രവർത്തനകേന്ദ്രം ലോകതലത്തിൽ, ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷനിലായിരുന്നു. സഭകളുടെ ലോക കൗൺസിലിന്റെ ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷനിൽ റോമൻകത്തോലിക്കാ സഭയ്ക്ക് അംഗങ്ങളും പ്രതിനിധികളും ഉണ്ട്. കത്തോലിക്കാ സഭ പൂർണ്ണ അംഗത്വമുള്ള കൗൺസിലിന്റെ ഒരേയൊരു സംഘടന കമ്മീഷൻ മാത്രമാണ്. നേരത്തെ ഞാൻ സൂചിപ്പിച്ചു കാലപ്പഴക്കം സംഭവിച്ച ചില പാരമ്പര്യങ്ങളുണ്ട് എന്ന്. ആ പാരമ്പര്യങ്ങളെ ചിലപ്പഴൊക്കെ മൂല്ല്യങ്ങളായി അവതരിപ്പിക്കുന്നു. ആ പാരമ്പര്യങ്ങളോട് ഏതാണ്ട് വിഗ്രഹങ്ങളെ ആരാധിക്കുന്ന തരത്തിലുള്ള ഭക്തി ഇതിലധികം അപകടമാണ്. ഇതിനതീതമാണ്, ആപേക്ഷികമാണ്,

www.malankaralibrary.com

ഇതിൽനിന്നുള്ള വിടുതലാണ്, വിമോചനമാണ് എക്യുമെനിസമെന്നു പറയുന്നത്. ഈ പഴയ പാരമ്പര്യങ്ങളെ വിഗ്രഹാരാധനയക്ക് തുല്ല്യമായി ആരാധിക്കപ്പെടുന്നതിൽനിന്നുള്ള വിമോചനമാണ് ഇന്ന് അവശ്യം. എന്താണീ വിമോചനം? വിമോചനം നല്കുന്നത് ക്രിസ്തുവിന്റെ സ്വാതന്ത്ര്യമാണ്. ലോകത്തിൽ ക്രിസ്തുസന്ദേശത്തിനുവേണ്ടി പ്രവർത്തിക്കുക എന്നുള്ളതാണ് എക്യുമെനിസത്തിന്റെ കാതൽ.

ഇതോടനുബന്ധിച്ച് വികസിപ്പിച്ചെടുത്തതാണ് എക്യുമെനിസം എന്നുള്ളത് 'ദൈവഭവനം' - House hold of God - എന്ന ആശയം. വിശാല എക്യുമെനിസമെന്നൊക്കെപ്പറയുന്നത് അല്പംകൂടി വിശാലമായിട്ടുള്ള ആശയമായിട്ടാണ് ഇവിടെ കാണുന്നത്. അപ്പോൾ മാനവികത എക്യുമെനിസത്തോട് അടുക്കുന്നത് ഇവിടെയാണ്. ഈ ദൈവഭവനത്തിൽ വസിക്കുന്നവരുടെ ദൈവേഷ്ടം നടപ്പാക്കുന്നതാണ് മാനവികത. ദൈവഇഷ്ടം നടപ്പാക്കേണ്ടത് ഇവിടെ, ഈ ഭൂമിയിൽ ആണെന്നുള്ളതിന്റെ ഏറ്റവും വലിയ വിളംബരമായിരുന്നു ക്രിസ്തു മനുഷ്യനായി അവതരിച്ചത്. അപ്പോൾ അതാണ് ദൈവഭവനത്തിന്റെ സ്ഥിതിയും, ദൈവഭവനം മനുഷ്യരാശിയുടെ വാസസ്ഥലത്തിന്റെ ചട്ടക്കൂടും, എന്നുവരുമ്പോൾ മാനവികതയ്ക്ക് പുതിയ അർത്ഥം കാണുവാനാകും. അവിടെയാണ് എക്യുമെനിസവും മാനവികതയും താദാത്മ്യപ്പെടുന്നത്. അതുകൊണ്ടാണ് എക്യുമെനിസം സഭാകേന്ദ്രിത എക്യുമെനിസം മാത്രമായി കാണുവാൻ പാടില്ലാത്തത്.

മറ്റെന്നെത്തേക്കാൾ കൂടുതൽ സഭയ്ക്കു പുറത്തുള്ള വിശാലമായ ലോകത്തിൽ ക്രിസ്തുവിന്റെ ചൈതന്യംതുടിക്കുന്ന പ്രവർത്തനവുമായി ബന്ധപ്പെടുന്നതാണ് എക്യുമെനിസം. ഏതാണ്ട് മുപ്പതു കൊല്ലംമുമ്പേ സഭകളുടെ ലോകകൗൺസിൽ ഇത് വ്യക്തമായി മുഖമുദ്രയാക്കിയിട്ടുണ്ട്. ഇതൊരു മുന്നണിപ്രസ്ഥാനം

www.malankaralibrary.com

കൂടിയാണ്. ഒരു future guide - മാർഗ്ഗദർശികത്വവുമാണ്. മനുഷ്യരാശി ഓരോ കാലഘട്ടത്തിലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ക്രിസ്തീയ വിശ്വാസത്തിന്റെ പ്രചോദനത്തിലും ചൈതന്യത്തിലും നേരിടുന്നതിലൂടെയാണ് എക്യുമെനിസം സഭകളുടെ അതിർത്തിക്കപ്പുറത്ത്, വിശാലമായ ലോകത്തിൽ മനുഷ്യവർഗ്ഗത്തിനാകമാനം പ്രസക്തിയുള്ളതായിത്തീരുന്നത്. അപ്പോൾ ഈ മുന്നണിപ്രസ്ഥാനത്തിൽ ക്രിസ്തീയ ആദർശനങ്ങളെപ്പറ്റിയും ക്രിസ്തീയ കാഴ്ചപ്പാടുകളെപ്പറ്റിയും പറയുമ്പോൾ മതത്തിന്റെ ചട്ടക്കൂട്ടിൽ മാത്രമുള്ള ഭാഷ ഉപയോഗിക്കേണ്ട ആവശ്യമില്ല.

ഇൻഡ്യയിൽ വളരെ പ്രശസ്തമായി സേവനമർപ്പിച്ച ലോകപ്രസിദ്ധനായ ബിഷപ്പ് ന്യൂബിഗിൻ ഈസ്റ്റ് ഏഷ്യാ ക്രിസ്ത്യൻ കോൺഫറൻസിന്റെ ഒരു സമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി, ഏഷ്യയെപോലുള്ള രാജ്യങ്ങളിൽ ക്രിസ്തീയ കാഴ്ചപ്പാടുകളെ മതേതര കാഴ്ചപ്പാടുകളായി രൂപാന്തരപ്പെടുത്തണമെന്ന്. അതായത് secular insight ഉണ്ടാകണം. അതായത് religious insight. ആ സമ്മേളനത്തിന്റെ പ്രഖ്യാപനത്തിൽതന്നെ ഇത് ഉൾപ്പെടുത്തുകയുണ്ടായി. നമ്മുടെ വിശ്വാസങ്ങളിൽ സൃഷ്ടിയുടെയും മനുഷ്യജീവന്റെയും വിലയെപ്പറ്റി പറയുന്നുണ്ട്. അതുപോലെ നമ്മുടെ മറ്റു വിശ്വാസങ്ങൾ നല്കുന്ന കാഴ്ചപ്പാടുകളെയും നമ്മുടെ മതത്തിന്റെ പുറത്തുള്ളവർക്കും മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കണം. ബിഷപ്പ് ന്യൂബിഗിൻ പറഞ്ഞു, ഇത്തരം സന്ദർഭങ്ങളിൽ മതപരമായ ഭാഷയ്ക്ക് പ്രത്യേകമായ പ്രാധാന്യമുണ്ട് എന്ന്. അപ്പോൾ നമ്മുടെ കാഴ്ചപ്പാടുകൾക്കാണ് പ്രാധാന്യം. അത് ഏറ്റവും കൂടുതൽ ആളുകൾക്ക് സ്വീകാര്യമാകുന്ന വിധത്തിൽ, മനസ്സിലാകുന്ന ഭാഷയിൽ അവതരിപ്പിക്കണം എന്നതാണ് സാമുവേലച്ചന്റെയും ദർശനം. ഇതാണ് എക്യുമെനിസത്തിനു ചെയ്യാവുന്ന ഏറ്റവും വലിയൊരു ദൗത്യം.

www.malankaralibrary.com

എക്യുമെനിസം നേരിടുന്ന സമകാലീനവെല്ലുവിളികളിൽ ഒന്ന്, എക്യുമെനിസത്തിന്റെ അന്തഃസത്ത ക്രിസ്തീയ കാഴ്ചപ്പാടുകളിലൂടെ തന്നെ മതേതരമായി അവതരിപ്പിക്കുവാൻ നമുക്ക് കഴിയുന്നില്ലെന്നുള്ളതാണ്. അപ്പോൾ നമ്മുടെ കാഴ്ചപ്പാടുകളാണ് ഇവിടെ പ്രധാനം. അത് ഏറ്റവുമധികം ആളുകൾക്കു സ്വീകരിക്കാവുന്ന വിധത്തിൽ, മനസ്സിലാകുന്ന തരത്തിൽ, അവതരിപ്പിക്കുകയാണ് എക്യുമെനിസത്തിനു ചെയ്യുവാനുള്ളത്. ഇന്ന് സമകാലീന വെല്ലുവിളികളെ നേരിടുന്ന എക്യുമെനിസത്തെപ്പറ്റിയുള്ള അവതരണം ക്രിസ്തീയ വിശ്വാസത്തിന്റെ കാഴ്ചപ്പാടുകളെ മതേതരമായി അവതരിപ്പിക്കുന്നതിലാണ്. ഇതാദ്യം പറഞ്ഞത് എക്യുമെനിസത്തിലല്ല. ഇത് പറഞ്ഞത് ബോർഫിഷറാണ്. ആ ആശയങ്ങൾ പില്ക്കാലത്ത് എക്യുമെനിക്കൽ പ്രസ്ഥാനം കടമെടുക്കുകയായിരുന്നു. അപ്പോൾ ദൈവത്തിന്റെ ഭവനമാണ് എക്യുമെനിസമെങ്കിൽ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ദൈവത്തിന്റെ ഇഷ്ടം നടപ്പിലാക്കുക എന്നുള്ളതാണ് മാനവികത.

മാനവികതയ്ക്കും എക്യുമെനിസത്തിനുമുള്ള വെല്ലുവിളികളിൽ രണ്ടെണ്ണംമാത്രംകൂടി ഇവിടെ സൂചിപ്പിക്കുവാനാഗ്രഹിക്കുന്നു. ഐക്യപ്രവർത്തനത്തിനുള്ള ഏറ്റവും വലിയ വെല്ലുവിളി നീതിയും സമാധാനവും നടപ്പിലാക്കുന്നതിലാണ്. അപ്പോൾ അനീതിയാണ് എക്യുമെനിസത്തിനു ഏറ്റവും വലിയ വിഘാതമായിട്ടുള്ളത്. ഐക്യത്തിനുവേണ്ടി ചെയ്യാവുന്ന ആദ്യ കടമ നീതിയ്ക്കായിട്ടുള്ള പ്രവർത്തനമാണ്. സഭയ്ക്കുള്ളിലാണെങ്കിലും പുറത്താണെങ്കിലും ഐക്യത്തിനാവശ്യമായിട്ടുള്ളത് വ്യക്തികളാണ്. അപ്പോൾ ഈ House hold of God എന്നുള്ള ആശയം സ്വീകരിക്കുമ്പോൾ Economical എന്നു നാം പറയുന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം വരുന്ന സാമ്പത്തീക ഉന്നമനമാണ് നാം സാധാരണയായി കാണുവാൻ ശ്രമിക്കുന്നത്. സമ്പത്തുണ്ടാകുമ്പോൾ

www.malankaralibrary.com

മനുഷ്യന്റെ പ്രയാസങ്ങൾ നീങ്ങിക്കിട്ടുമെന്നുള്ള ധാരണയാണ് ഇതിനുള്ളത്. എന്നാൽ സാമ്പത്തികമായി ഏറ്റവും വലിയ സമ്പത്തുള്ളവരും, ഏറ്റവും ദരിദ്രരായവരും തമ്മിലുള്ള വിടവ് ലോകചരിത്രത്തിൽ ഒരിയ്ക്കലും ഇന്നുണ്ടായിട്ടുള്ളതുപോലെ ഉണ്ടായിട്ടില്ല. ഇത് ഒരു യാഥാർത്ഥ്യമാണ്. ഈ വിടവ് എക്കാലത്തും വദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. അടുത്തകാലത്തായി ഈ വിടവ് മറ്റെന്നത്തെക്കാളും അധികം വർദ്ധിക്കുവാൻ കാരണം ആഗോളവൽകരണമാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഇവിടെ കടക്കുന്നില്ല. ഐക്യരാഷ്ട്രസംഘടനയുടെ ഔദ്യോഗിക ഏജൻസിയായ United Nations Development Programe-ന്റെ റിപ്പോർട്ടുകളിൽ ആണ്ടുതോറും ഈ വിടവ് വർദ്ധിച്ചുവരുന്നതിനെപ്പറ്റിയുള്ള സ്ഥിതിവിവരക്കണക്കുകളുണ്ട്. അപ്പോൾ വിടവു വർദ്ധിക്കുന്നതിനെപ്പറ്റി ഒരു വാദപ്രതിവാദം നടത്തേണ്ടയാവശ്യമില്ല. ആഗോളവല്ക്കരണത്തിന്റെ ഗുണമേന്മകളെക്കുറിച്ചുള്ള എത്രയെത്ര പ്രസ്താവനകളുണ്ടായാലും ഈ വസ്തുതയാണ് നിലവിലിരിക്കുന്നത്. അതായത് ലോകചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിച്ചിരിക്കുന്നു. അതായത് സാമ്പത്തിക അസമത്വം എന്നത്തേക്കാൾ ഇന്ന് കൂടിയിരിക്കുന്നു. അപ്പോൾ ഇതിനോടുള്ള പ്രതികരണം എക്യുമെനിസത്തിന് ഏറ്റവും വലിയ രണ്ടാമത്തെ വെല്ലുവിളിയാണ്.

ദൈവത്തിന്റെ ഭവനമാണ് എക്യുമെനിസമെങ്കിൽ മാനവികതയുടെ പ്രധാന സവിശേഷതകളായ നീതിയും സമാധാനവും നടപ്പിലാക്കുകയെന്നതാണ് ഏറ്റവും പ്രധാനം. നീതി നിഷേധിക്കപ്പെടുമ്പോൾ മാനവികതയില്ല, എക്യുമെനിസവുമില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞുവച്ചത്, ദൈവഭവനത്തിലധിഷ്ഠിതമായ നീതിയും സമാധാനവും ഉണ്ടാക്കേണ്ട വ്യവസ്ഥിതിക്കെതിരെയുള്ള ഏറ്റവും വലിയ വെല്ലുവിളി നീതിയുടെ നിഷേധമാണെന്ന്.

www.malankaralibrary.com

ഇവിടെ ഒരു സുപ്രധാനകാര്യം കൂടി ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ കേരളത്തിലാണെങ്കിൽ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് (Global Investment Meet) നെക്കുറിച്ച് ധാരാളം ചർച്ചകൾ നടക്കുന്നു. അതിനെക്കുറിച്ചുള്ള പരസ്യങ്ങളും ധാരളമുണ്ട്. അതിന്റെ ആവശ്യം എന്താണെന്നുവച്ചാൽ വളർച്ചയി ല്ലാതെ എങ്ങനെയാണ് നീതിയുണ്ടാവുക എന്നതാണ്. അപ്പോൾ ആദ്യം വേണ്ടത് വളർച്ച, പിന്നെ നീതി അഥവാ justice. നീതി എന്നത് വളർച്ചയുടെ ഒരു ഉപോല്പന്നം അഥവാ ബൈപ്രോഡക്ട് ആണെന്നാണ് ഔദ്യോഗിക ഭാഷ്യം.

അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാതെ ഇവിടെ ഒരു കാര്യം ഞാൻ പറയുവാനാണ് ഉദ്ദേശിക്കുന്നത്, നീതിയെപ്പറ്റിയും നീതി നിഷേധിക്കപ്പെടുന്നതിനെപ്പറ്റിയുമൊക്കെ വേദപുസ്തകത്തിൽ പറയുന്നതിൽ ഏറ്റവും കാതലായ ഒരംശത്തെപ്പറ്റിയാണ്. അത് ഇരുപത്തിമൂന്നാം സങ്കീർത്തനമാണ്. വികസനത്തെപ്പറ്റി പറയാറുള്ളപ്പോൾ ഞാനുദ്ധരിക്കുന്നത് ആ സങ്കീർത്തനമാണ്. അവിടെ പരിസ്ഥിതിയെപ്പറ്റി പറയുന്നുണ്ട്. സാമ്പത്തിക സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്നുണ്ട്. അവിടെ സുരക്ഷയെപ്പറ്റി പറയുന്നുണ്ട്. അവിടെ പറയുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നീതി സൃഷ്ടിക്കുന്നതിനെപ്പറ്റിയല്ല, പിന്നെയൊ, നീതി മാർഗ്ഗത്തി ലാണ് എന്നുള്ളതാണ്. അപ്പോൾ ക്രിസ്തീയ സഭയെ സംബന്ധി ച്ചിടത്തോളം നീതിയെപ്പറ്റി പറയുക എന്നുവച്ചാൽ നീതിമാർഗ്ഗത്തെ പ്പറ്റിയാണ്.

ഒരു വമ്പിച്ച പദ്ധതി സർക്കാരൊ മറ്റേതെങ്കിലും ഏജൻസികളൊ ഉണ്ടാക്കി അതുമൂലം വളർച്ച നേടി പിന്നെ നീതി നടപ്പിലാക്കാമെന്ന പറയുന്നത് ഈ ആശയവുമായി പൊരുത്ത പ്പെടുന്നതല്ല. ഓരോ പദ്ധതിയും ഓരോ പ്രവർത്തനവും നീതിമാർഗ്ഗ ത്തിലുള്ളതായിരിക്കണം എന്നുള്ളതാണ്. ഇതാണ് നമുക്കുണ്ടായി

www.malankaralibrary.com

രിക്കേണ്ട സുപ്രധാനമായ മാനദണ്ഡം. മാനവികതയുടെയും എക്യുമെനിസത്തിന്റെയും മാനദണ്ഡവും ഇതുതന്നെയാണ്. നീതി സമ്പത്തിന്റെ വളർച്ചയുടെ ഉപോല്പന്നമായിട്ടല്ല നടപ്പിൽ വരേണ്ടത്. മാനവികതയുടെ ഭാഗമായ നീതി മനുഷ്യന്റെ പ്രവർത്തനങ്ങളുടെ മാർഗ്ഗമായിരിക്കണം. അപ്പോൾ എക്യുമെനിസം ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി നീതിയെ വളർച്ചയിലൂടെ സൃഷ്ടിക്കാമെന്ന വ്യാമോഹം നല്കുന്ന, വലിയ പദ്ധതികളുമായി ഒത്തുചേരുന്ന സഭകളാണ്. സഭകൾ പ്രത്യക്ഷമായും പരോക്ഷമായും ഈ ആശയം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

ആഗോളമെന്ന പദത്തെക്കുറിച്ചും അല്പം പറയേണ്ടതുണ്ട്. കാരണം എക്യുമെനിസത്തെ ആഗോളവല്ക്കരണം എന്നു വിവക്ഷിക്കുമ്പോൾ അതൊരു വ്യാജ എക്യുമെനിസമായിത്തീരും. കാരണം ആഗോളമെന്നു വരുമ്പോൾ നമുക്കൊരു ധാരണയുണ്ട്, അല്ലെങ്കിൽ ഒരു ധാരണ തരുന്നുണ്ട്, ഈ ലോകത്തിലുള്ളതെല്ലാമാണ്, എല്ലാവരുമാണ് എന്ന്. യഥാർത്ഥത്തിൽ ഇതല്ല വസ്തുത. അഗോളവല്ക്കരണമെന്നു പറയുന്നതിലെ ആഗോളം പ്രധാനമായും ആഗോള വിപണിയെപ്പറ്റിയാണ്. ഈ വിപണിക്കുള്ളിലാണ് ആഗോളവല്ക്കരണത്തിന്റെ പ്രയോജനം. അത് ഒരു ന്യൂനപക്ഷത്തിന്റെ കൈയിൽ എത്തിച്ചേരുന്നുവെന്നുള്ളതാണ് UNDPയുടെ ഒരു നിഗമനം. അപ്പോൾ ഒരു വലിയവിഭാഗം ജനത്തിനെ പുറംതള്ളുന്ന ഒന്നാണ് ആഗോളം. Global is not universal, Global is not even international. കാരണം അതു ദേശങ്ങളെ അംഗീകരിക്കുന്നില്ല. ഗ്ലോബലും എക്യുമെനിസവും തമ്മിൽ പൊരുത്തമില്ലെന്നു ചൂണ്ടിക്കാണിക്കുവാനാണ് ഞാനിതു പറയുന്നത്.

എക്യുമെനിക്കൽ എന്നും മാനവികത എന്നും പറയുന്നതിന്റെ അർത്ഥതലത്തിൽ അതിനൊരു sense of belonging ഉണ്ട്. എല്ലാവർക്കും അവകാശപ്പെടാവുന്നതാണ് എക്യുമെനിക്കൽ.

www.malankaralibrary.com

ഗ്ലോബൽ അങ്ങനെയാകുന്നില്ല. ഗ്ലോബൽ വ്യക്തി പരിഗണന നല്കുന്നില്ലെന്നു മാത്രമല്ല, വ്യക്തികളെ, വിഭാഗങ്ങളെ, ജനതകളെ, രാഷ്ട്രങ്ങളെ പുറംതള്ളുന്നതാണ്. അത് exclude ചെയ്യുന്നു. എന്നാൽ എക്യുമെനിക്കൽ ഒരു കൂട്ടായ്മ (fellowship) യുടെ അനുഭവം നല്കുന്നു. ഗ്ലോബൽ എന്നു പറയുമ്പോൾതന്നെ അവിടെ മത്സരമാണ്, polarisation ആണ്, ഉപകരണമാണ്. അത് കമ്പോള വിപണിയുടെ പ്രയോജനം നേടുന്നു. എക്യുമെനിക്കൽ സാർവ്വത്രികമാണ്, സാർവ്വജനീനമാണ്. ഞാനിതു പറയുവാൻ കാരണം നമ്മളിപ്പോൾ സാർവ്വദേശികം എന്നു പറയുന്നത് ആഗോളമെന്ന പദത്തെയാണ്. അതുകൊണ്ട് ഈ ആഗോളമെന്ന പദം ഏറ്റവും പരിമിതമായി ഉപയോഗിക്കുകയെന്നുള്ളതാണ് നമുക്കു ചെയ്യാവുന്ന ഒരു വലിയകാര്യം. ആഗോള നിക്ഷേപകരെപ്പറ്റി പറയാം, ആഗോള ടെണ്ടറുകളെപ്പറ്റി പറയാം. പക്ഷേ ആഗോള സഭയെന്നു പറഞ്ഞുകൂടാ. അങ്ങനെയൊരു സഭയില്ല. സാർവ്വത്രിക സഭയുണ്ട്, സാർവ്വജനീനമായ സഭയുണ്ട്, Universal Church ഉണ്ട്. ഞാൻ പറയുന്നത് Global is not Universal എന്നുള്ളതാണ്.

രണ്ടാമതൊരു വെല്ലുവിളിയെക്കുറിച്ചും ഞാൻ പറയാനാഗ്രഹിക്കുന്നു. മാനവികതയ്ക്കും അഥവാ ദൈവത്തിന്റെ ഭവനത്തിനും ഏറ്റവും വലിയ വെല്ലുവിളി ഉയർന്നിരിക്കുന്നത് യുദ്ധത്തിന്റേതാണ്. ഇന്ന് യുദ്ധം ഒരു യാഥാർത്ഥ്യമാണ് സാധാരണമാണ്. ലോകത്തിൽ ഏറ്റവും ശക്തിയുള്ള നേതാവിന്റെ ഭാഷയിൽ പറഞ്ഞാൽ ഇപ്പോഴുള്ളത് permenent war ആണെന്നാണ്. അദ്ദേഹം കഴിഞ്ഞ സെപ്റ്റമ്പറിൽ പ്രഖ്യാപിച്ച യുദ്ധം എന്നവസാനിക്കുമെന്ന് ആർക്കും നിശ്ചയമില്ലെന്നാണ് അദ്ദേഹംതന്നെ പറയുന്നത്. അപ്പോൾ ആ യുദ്ധത്തിന്റെ പല ഘട്ടങ്ങളെപ്പറ്റിയാണ് പറയാറ്. ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ദൈവത്തിന്റെ ഭവനത്തെപ്പറ്റി, അതിനുള്ള വിഘാതങ്ങളെപ്പറ്റി

www.malankaralibrary.com

മാത്രമാണ് എനിക്കിവിടെ പറയുവാനുള്ളത്.

മീഖാ പ്രവാചനം നാലാമദ്ധ്യായത്തിൽ ഒരു വാക്യമുണ്ട്. 'നാമോ നമ്മുടെ ദൈവമായ കർത്താവിന്റെ നാമത്തിൽ എന്നെന്നേക്കും നടക്കും'. അപ്പോൾ ദൈവത്തിന്റെ ഭവനത്തിലുള്ളവർ ചെയ്യേണ്ടത് എന്താണ്? കർത്താവിന്റെ നാമത്തിൽ നടക്കും എന്ന വാക്യത്തിന്റെ തൊട്ടു പിന്നിലുള്ള വാക്യം, അതെല്ലാവർക്കും അറിയാവുന്നതാണ്. എന്താണാ വാക്യം? അത് വാളുകളെ കൊഴുക്കളാക്കുന്നതിനെപ്പറ്റി പറയുന്നു. യുദ്ധമില്ലാത്ത, യുദ്ധാഭ്യാസമില്ലാത്ത ഒരു കാലത്തെപ്പറ്റിയാണു പറയുന്നത്. ഇതേ വാക്യം യെശ്ശയ്യാ പ്രവചനത്തിലുണ്ട്. ഐക്യരാഷ്ട്ര സംഘടനയുടെ ന്യൂയോർക്കിലെ ആസ്ഥാനത്തിനു മുമ്പിലുള്ള ഭിത്തിയുടെ പേര് യെശ്ശയ്യാ ഭിത്തി - Isaiaha Wall എന്നാണ്. അതിലെഴുതിയിരിക്കുന്നത് മുകളിൽ പറഞ്ഞ അതേ വാചകങ്ങളാണ്. ഇതേ വാക്യമാണ് മീഖായിലും ഉള്ളത്. പക്ഷേ ക്രെഡിറ്റ് മുഴുവൻ എശയ്യാവിനാണ്. അപ്പോൾ ദൈവത്തിന്റെ ഭവനത്തിലുള്ളവരുടെ ബന്ധം, ദൈവത്തിന്റെ ഭവനത്തിലുള്ളവരുടെ സമാധാനമാണ്.

ഇന്നത്തെ സ്ഥിതി നാം ആ പശ്ചാത്തലത്തിൽ പരിഗണിക്കേണ്ടതുണ്ട്. നമ്മുടെ ഇൻഡ്യയിലാണെങ്കിൽ യുദ്ധാഭ്യാസം തന്നെയാണ് സ്ഥിരമായിട്ട്. സമാധാനത്തെപ്പറ്റി വലിയ പരിഗണനയൊന്നും നമ്മുടെ സഭകളും പറയാറില്ല. നമുക്ക് പ്രാദേശികമായി പള്ളികൾക്കകത്തും പ്രശ്നങ്ങൾ ഒത്തിരിയുണ്ട്. പക്ഷേ അതിനും അപ്പുറത്ത് സമാധാനത്തിനായുള്ള പ്രതിബദ്ധത ഏറ്റവും പ്രധാന ആവശ്യമാണെന്നു നാം വിവക്ഷിക്കാറുണ്ട്. പാക്കിസ്ഥാനും ഇൻഡ്യയുമായി യുദ്ധം ഉണ്ടാകുവാൻ പോകുന്ന അവസരത്തിൽ നാം പള്ളികളിൽ പ്രാർത്ഥിക്കാറുണ്ട്. ആർക്കുവേണ്ടിയാണെന്നോ, അതിർത്തി കാക്കുന്ന നമ്മുടെ ഭടന്മാർക്കുവേണ്ടി. നമ്മുടെ അതിർത്തിക്കപ്പുറത്ത് അതിർത്തി കാക്കുന്ന ഭടന്മാർ

www.malankaralibrary.com

ക്കുവേണ്ടി നാം പ്രാർത്ഥിക്കാറില്ല. അപ്പോൾ നമ്മുടെ പ്രാർത്ഥന കളിൽതന്നെ മാനവികതയോ എക്യുമെനിസമോ ഒന്നുമില്ല. ഞാൻ പറഞ്ഞുവരുന്നത് മറ്റെന്നെത്തേക്കാൾ കൂടുതൽ നീതിക്കും സമാധാനത്തിനും എതിരെയുള്ള വെല്ലുവിളികൾ ഉയരുന്നു വെന്നാണ്. അതല്ലെങ്കിൽ അനീതിയും യുദ്ധവും ഉയർത്തുന്ന വെല്ലുവിളികൾ.

ഒരു കാര്യംകൂടി പറഞ്ഞ് ഞാനിതവസാനിപ്പിക്കുന്നു. ഭൂമിയെപ്പറ്റിയാണ് എക്യുമെനിസമെന്നു ഞാൻ പറഞ്ഞുവല്ലോ. എന്നാൽ നമ്മൾ പലപ്പോഴും വിസ്മരിക്കുന്ന ഒരു കാര്യമാണ് നമ്മളെപ്പോഴും ചൊല്ലുന്ന കർത്താവിന്റെ പ്രാർത്ഥന ഭൂമിയെപ്പറ്റിയാണ്, സ്വർഗ്ഗത്തെപ്പറ്റിയല്ല എന്ന വസ്തുത. Thy Will will be done on earth. നമ്മൾ നടക്കുന്ന ഈ ഭൂമിയിൽ, ഈ രാജ്യത്ത്, ഈ പത്തനംതിട്ടയിൽ, നാം സമ്മേളിച്ചിരിക്കുന്ന ഈ വൈ.എം.സി.എ ഹാളിൽ ദൈവത്തിന്റെ ഹിതം നടപ്പിലാക്കുന്നതിനെപ്പറ്റിയുള്ളതാണ് അത്. അതാണു ദൈവവചനവും വേദപുസ്തകവും നമുക്കു നല്കുന്നത്. ദൈവികപ്രചോദനം ഉള്ള മാനവികത അങ്ങനെയാണ് നാം ഉണ്ടാക്കേണ്ടത്. പക്ഷേ ഇതൊക്കെ ഉണ്ടാകണമെങ്കിൽ നമ്മളിന്നു ചെയ്യുന്നതിലൊക്കെ എത്രയോ അധികമായി വി.സി.സാമുവേൽ അച്ചൻ കാണിച്ചുതന്ന വിധത്തിൽ ആഴത്തിലുള്ള പഠനവും ദൂരക്കാഴ്ചയുള്ള വീക്ഷണവും വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. വി.സി.സാമുവേലച്ചന്റെ സ്മാരകപ്രഭാഷണത്തിൽ എടുത്തുപറയുവാനുള്ളത് കേരളത്തിലെ സഭകൾ അല്പംകൂടി ശ്രദ്ധയോടെ വേദപുസ്തകം പഠിക്കണം. അല്പംകൂടി ശ്രദ്ധയോടെ ഗവേഷണം നടത്തണം. അല്പംകൂടി ശ്രദ്ധയോടെ ചരിത്രം അറിയണം. എങ്കിൽ മാത്രമേ എക്യുമെനിക്കൽ നേതാവും മാനവി കതയുടെ വക്താവുമയ മഹാനായ ഡോ.വി.സി.സാമുവേൽ അച്ചന്റെ സ്മരണ ഉചിതമായി നിലനിറുത്തുവാൻ നമുക്ക് കഴിയുകയുള്ളു.

www.malankaralibrary.com

പഠനവും ഗവേഷണവും മാത്രമല്ല, എക്യുമെനിസത്തെപ്പറ്റി ഒത്തിരി ചർച്ചകൾ ഉണ്ടാകേണ്ടതും അവശ്യമാണ്.

മറ്റൊരു സുപ്രധാനമായ വസ്തുതകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. എക്യുമെനിക്കൽ പ്രസ്ഥാനത്തിൽ ഉയർന്നുവന്ന വി.സി.ശമുവേൽ അച്ചനെപ്പോലെയുള്ള ആദ്യകാല നേതാക്കളെല്ലാം വളരെ ദൈവഭക്തിയുള്ള നേതാക്കളായിരുന്നു. അടിയുറച്ച ദൈവഭക്തിയും ആ ഭക്തിയോടുകൂടി അന്വേഷിക്കുവാനുമുള്ള പ്രതിബദ്ധതയും സമഞ്ജസമായി സമന്വയിച്ച അനുഗ്രഹീതനായ സാമുവേലച്ചനെപോലെ നാമും പുലർത്തുവാൻ ശ്രമിക്കണം. അപ്പോൾ മാത്രമെ എക്യുമെനിസവും മാനവികതയും സൃഷ്ടിക്കുന്ന ഒരു പുത്തൻ പുലരിയെ നമുക്കു വിഭാവന ചെയ്യുവാൻ സാധ്യമാകുകയുള്ളു എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി.

www.malankaralibrary.com

# മാനവികതയും എക്യുമെനിസവും സമകാലീനവെല്ലുവിളി

## റവ.ഡോ.വി.സി.സാമുവേലിന്റെ ദർശനത്തിലൂടെ

പ്രൊഫ. നൈനാൻ കോശി

'ഗ്രീക്കു ഭാഷാമൂലത്തിൽനിന്നും ഇംഗ്ലീഷ് ഭാഷ ഉപയോഗത്തിൽ
വരുത്തിയിട്ടുള്ളതാണു എക്യുമെനിസം എന്ന പദം.
ഭിന്നിച്ചു നില്കുന്ന സഭകളെ, ക്രിസ്തീയ സമൂഹങ്ങളെ
ഒരുമിപ്പിക്കുവാനുള്ള യത്നത്തെയാണു അതുകൊണ്ടുദ്ദേശിക്കുന്നത്.
എന്നാൽ അതിലും വിശാലമായ അർത്ഥം ആ പദത്തിനുണ്ട്.
സഭകളെയും ക്രിസ്ത്യാനികളെയും മാത്രമല്ല,
മനുഷ്യവർഗ്ഗത്തെ ആകമാനവും, അഖിലാണ്ഡത്തെ മുഴുവനും,
ഒരുമിച്ചു കാണുക എന്ന ആശയം ആ പദം ഉൾക്കൊള്ളുന്നുണ്ട്'.

"ആധുനിക ഭാരത സഭ", ( ഭാരതസഭാചരിത്ര വാല്യം രണ്ട്, കോട്ടയം)

**Dr.V.C Samuel Ecumenical Forum**
**Konni - 689 691**

www.malankaralibrary.com